# ഗ്രാമീണത ബിംബകല്പനയിലൂടെ

ടി. എൻ. സുരേശൻനമ്പൂതിരി

പദങ്ങൾകൊണ്ട് രചിക്കുന്ന ഇന്ദ്രിയ സംവേദനക്ഷമമായ ചിത്രത്തിനാണ് 'ഇമേജ്' എന്നു പറയുന്നത്. ഇടശ്ശേരി, പദഘടനയുടെ പ്രത്യേകതകൾകൊണ്ട് ഗ്രാമീണത സൃഷ്ടിക്കുന്നു. ഗ്രാമത്തെ സ്നേഹിക്കുന്ന കവി, അവിടങ്ങളിൽ മിന്നിത്തെളിയുന്ന അനേകം ചിത്രങ്ങളെ പ്രത്യേക പദസംഘാതങ്ങളെക്കൊണ്ടു വരച്ചുകാണിക്കുന്നു. സ്വന്തം ഗ്രാമത്തിലെ വ്യവഹാരഭാഷയിൽ നിന്നു തെരഞ്ഞെടുത്ത പദങ്ങൾകൊണ്ടുതന്നെയാണ് അദ്ദേഹം അതു സാധിക്കുന്നത്. 'ധാരാവാഹിയായ കഥനരീതി; ഗദ്യപദ്യമിശ്രണം; വാഗ്മൊഴിയുടെ സ്വാഭാവികമായ താളവട്ടങ്ങളോടു രഞ്ജിച്ചുപോവുന്ന വൃത്തരീതി; രാഷ്ട്രീയക്കാരുടെ കശ്മല വ്യവഹാരത്താൽ കലുഷിതമായികഴിഞ്ഞിട്ടില്ലാത്ത പഴയ നാട്ടുഭാഷ എന്നു തുടങ്ങിയ പോപ്പ് കവിതയുടെ പ്രത്യേകതകൾ വ്യാചിഖ്യാസിതമായ ഈ കവിതയിൽ കാണ്മാൻ കഴിയും' എന്ന എം.പി. ശങ്കുണ്ണിനായരുടെ, 'പൂതപ്പാട്ടി'നെക്കുറിച്ചുള്ള അഭിപ്രായം ഇടശ്ശേരിയുടെ കവിതകൾക്കെല്ലാം സാമാന്യമായിച്ചേരും.

പൂപ്പരത്തി വിരിഞ്ഞുവരുന്നതിനെക്കുറിച്ച് 'ഏറനാളായിന്നിങ്ങേറി വരുന്ന കൂറുള്ള ചങ്ങാതി' എന്നാണ് കവി പറയുന്നത്. ചിരിച്ചുകൊണ്ടു മുറ്റത്തേക്കു കയറി വരുന്ന ഗ്രാമീണസുഹൃത്ത് മനസ്സിൽ ആഹ്ലാദമുണ്ടാക്കും. മഴയത്ത് പുര ചോർന്നൊലിക്കുന്നതിനെ, പുല്കൂരകൾ പെരുമഴയത്ത് സ്വന്തം ദയനീയാവസ്ഥ അറിയിക്കുവാൻ കുടുകുടെക്കണ്ണീരു പൊഴിക്കുന്നു എന്നും കവി 'ഗ്രീഷ്മാന്തത്തിൽ' എന്ന കവിതയിൽ വ്യക്തമാക്കുന്നു. മദ്യപനും അലസനുമായ കുടുംബനാഥനെ 'പൂതലോടിയമര'മെന്നു കവി വിളിക്കുന്നു. അധ്വാനികളായ രണ്ടുപേർ, വീടു പണിതപ്പോൾ, 'കഷ്ടപ്പാടുകളിന്മേൽ കഷ്ടപ്പാടുകൾ പാവി'യാണ് അവർ അതു സാധിച്ചത്. പുരപണിയുന്നതും പാടം കൃഷിചെയ്യുന്നതും കവിയെ സംബന്ധിച്ചിടത്തോളം തുല്യാനുഭവമാണ് നല്കുന്നത്. കാള ചത്ത് എല്ലു കിടക്കുന്നതു കണ്ടപ്പോൾ കവിക്ക് അതു കരിപോലെയാണ് തോന്നിച്ചത്. അടിമത്തത്തിൽ കഴിയുന്ന മനുഷ്യരെ കവി കോലാടായി സങ്കല്പിക്കുന്നു. ഓർമ്മയാകുന്ന ഓലക്കുറിപ്പിൽ വേദന നിത്യവും മഷിയിടുന്നു എന്നു കവി പറയുന്നത്, പണ്ട് കുട്ടികളും വലിയവരും ഓലയിൽ മഷിതേച്ചാണല്ലോ വിദ്യാഭ്യാസവും മറ്റും ചെയ്തിരുന്നത് എന്ന കാര്യം ഓർത്തതുകൊണ്ടാണ്. കർമ്മം ചെയ്യുന്നതും ഫലം നേടുന്നതും കവി മഴയത്തും വെയ്ലത്തുമാണ്. കവി മഴക്കോളിൽ കർമ്മം മുളപ്പിക്കുന്നു സൂര്യനസ്തമിക്കുന്നത്, തനിയേ പഴുത്തു തേനേന്തിടും പക്വം പതിക്കുന്നതുപോലെയത്രേ

'പടുമുളപൊടിപ്പടർന്നൊരു മുൾച്ചീര-
ച്ചെടിയിതാ നില്പൂ തഴച്ചുപൊന്തി'

മഹാന്മാരുടെ ജനനം 'പടുമുള' എന്ന ബിംബകല്പനയിലൂടെയാണ് വ്യക്തമാക്കപ്പെടുന്നത്. കർഷകഹൃദയം ശരിക്കും കണ്ടറിഞ്ഞ കവിയാണ് ഇടശ്ശേരി എന്നതു വ്യക്തമാണ്. 'ലവണാസുര വധത്തിലെ ഹനുമാൻ' ലവകുശന്മാരുടെ മർദ്ദനം ഏല്ക്കുവാൻ തീരുമാനിക്കുന്നത് എങ്ങിനെയെന്നു നോക്കുക.

'കൊച്ചലത്തല്ലുകൊള്ളുകതന്നെ-
യുച്ചുപാറക്കൊരാനന്ദം'

കേരളത്തിന്റെ തീരദേശത്തുള്ള ചകിരിക്കുഴികളിലെ സോദരിമാരുടെ ദുഃഖമയമായ ജീവിതം പാടിനടക്കുന്ന കവിക്ക് കടലലകളും പാറക്കൂട്ടങ്ങളും തമ്മിലുള്ള ബന്ധം അന്യമല്ലല്ലോ ഹനൂമാൻ ശരമാരി ഏല്ക്കുന്നതും മാമലയിൽ പേമാരി പെയ്യുന്നതും കവിദൃഷ്ടിയിൽ തുല്യംതന്നെ. കുട്ടികളോട് വാത്സല്യം തോന്നുന്നതിനെ 'മുതുപാറക്കുള്ളിൽ പുതുവെള്ളം' ഉറവെടുക്കുന്നതുമായി ബന്ധിപ്പിച്ചിരിക്കുന്നു. പൂത്ത മുരിക്കുപോലെയാണ് അദ്ദേഹത്തിന്റെ മേനി മുറിപ്പെട്ടത് എന്നുകൂടി പറയുമ്പോൾ ഹനൂമാനെ കവി താനറിയാതെ തന്നെ കേരളീയനാക്കുകയാണ് ചെയ്യുന്നത്. തുഞ്ചൻ പറമ്പിൽ ഹനൂമൽസേവ നടത്തുമ്പോൾ, രാമന്റെ ദൂതനായി ലങ്കയിലേക്കു പോകുന്ന ഹനൂമാനെ കവി കാണുന്നത് ഇങ്ങിനെയാണ്:

'അംബുദാവലിചിന്നിച്ചംബരത്തിലും, ഭഗ-
ഭംഗമൊരുൾച്ചാൽ കീറിക്കൊണ്ടധോഹ്രദത്തിലും
വ്യാപരിച്ചൊരു ശക്തിസേതുവെ നിർമ്മിച്ചല്ലോ
ഹാ, ഭവദ്രയം സാക്ഷാൽ സേതുവിന്നച്ചെന്നോണം' (1973:12)

ഹനൂമാൻ ഉൾച്ചാൽ കീറികൊണ്ട് അംബരത്തിലൂടെ കൊഴുപോലെ പോകുന്ന ചിത്രമാണ് നമ്മുടെ മനസ്സിൽ ഉയരുക. പ്രപഞ്ചം മുഴുവൻ ഒരു പാടമായിക്കരുതിയാൽ ഹനൂമാനെന്ന കലപ്പ അവിടെ മുഴുവൻ ഉഴുതുമറിക്കുന്ന കാഴ്ചയാണ് നാം കാണുന്നത്. കർഷകന്റെ മനസ്സ് ഈ സന്ദർഭത്തിലും കവിയുടെ ഉള്ളിൽനിന്നു പുറത്തുവരുന്നു. 'ഉൾച്ചാൽകീറുക' എന്ന പ്രയോഗംകൊണ്ട് ഒരു കർഷകലോകമാണ് കവി തുറന്നുവെച്ചിരിക്കുന്നത്. മൺകട്ടകൾ ഉടഞ്ഞ് ചാൽകീറി മുന്നോട്ടുപോകുന്ന കലപ്പയുടെ ചിത്രം ഒരുപക്ഷെ കവി അറിയാതെ വരഞ്ഞതാകണം. അതുപോലെതന്നെ, ലങ്കയിലിരിക്കുന്ന സീതയുടെ ചിത്രമോ;

'അധർമ്മപരിശുഷ്ക്കം ലങ്കതന്നോലപ്പുറ-

ത്തരക്കൻ നിക്ഷേപിച്ച ചെങ്കനൽപ്പൊരിപോലെ'യാണ്. ഓലപ്പുറത്തു വീഴുന്ന തീപ്പൊരിയുടെ അവസ്ഥയാലോചിച്ചാൽ ആ ബിംബകല്പനയുടെ സ്വാരസ്യം എത്രയുണ്ടെന്ന് മനസ്സിലാകും. മറ്റൊരു കവിയും ഈ വിധത്തിൽ സീതയുടെ ചിത്രം വരച്ചിട്ടുണ്ടെന്നു തോന്നുന്നില്ല. ഓലപ്പുരയുടെ തീക്കട്ടയും കവിയെ സംബന്ധിച്ച് അപരിചിതമല്ല. രാവണനാകട്ടെ, 'രാമാസ്ത്രത്തിനുവെച്ച നൈവേദ്യ;'മാണ്. മറ്റാരും ഭുജിക്കാൻ പാടില്ലാത്ത വസ്തു എന്നു ധ്വനിപ്പിക്കുവാൻ കൂടിയാണ് ഇത്തരമൊരു പ്രയോഗം നടത്തിയത്. ഓരോരോരോവാക്കുകളെ കൊണ്ടും ഓരോ സന്ദർഭത്തിലും ഒരു നൂതന ലോകം കവി സൃഷ്ടിക്കുന്നു.

ആമീൻ വിള ജപ്തിചെയ്യിക്കുന്നതു കണ്ട കോമൻ, കുറ്റിക്കിട്ടഗജത്തെപ്പോലെ നിന്നു കലിക്കൊള്ളുകയാണുണ്ടായത്. ആ പാടത്ത്, ആമീന്റെ നില്പ് 'നിലം തരിശാക്കിപ്പൊന്തിയ കള്ളിത്തലപോലെ'യാണ്. പാടത്ത്, കൃഷിയെല്ലാം നശിപ്പിച്ച് കരുത്തുറ്റു നില്ക്കുന്ന കള്ളിച്ചെടി കർഷകന്റെ മനസ്സിൽ എത്രമാത്രം രോഷം വിതക്കും എന്നത് ഊഹിക്കാവുന്നതാണ്. ഒരു തനിക്കർഷകനായ ഇടശ്ശേരിക്ക് ഇത്തരത്തിലൊരു ബിംബം സൃഷ്ടിക്കാൻ തോന്നിയത് യാദൃച്ഛികമല്ല. 'എരിതീയിൽ എണ്ണ' എന്ന ചൊല്ല് അന്വർത്ഥമാക്കിക്കൊണ്ടാണ് കോമന്റെ മകൾ 'വിദ്വേഷാഗ്നിയിൽ വീണ്ടുമൊഴുക്കിയ വെണ്ണകണക്ക്' കാണപ്പെടുന്നത്.

ആയിരം മുളയുള്ള വിത്താണ് കർമ്മം എന്നും നല്ല വിത്ത് നല്ലതു മാത്രമേ വിളയിക്കൂ എന്നും പറയുന്നത് കൃഷിഭൂമിയിൽ നിന്നും കവിഹൃദയത്തിന് കയറിവരുവാൻ സാധിക്കാഞ്ഞിട്ടാണ്. ദുഷ്കർമ്മത്തെ വിഷവല്ലിയോട് കവി ഉപമിക്കുന്നതു ശ്രദ്ധിക്കുക. ചകിരിക്കുഴിയുടെ കഥ പാടുന്ന കവിക്ക് തലമുറയായി കൈമാറിവന്ന 'മാറാശാപം' ദുർവാസനകൊണ്ട് ചകിരിക്കുഴിയുടെ ചുറ്റും വന്നുമുടക്കുന്നതായി' തോന്നുന്നത് നീതികരിക്കത്തക്കതാണ്. കാരണം 'ചീയുന്ന മനുജത' യെക്കുറിച്ചാണല്ലോ പാടുന്നത്. കയർ നിർമ്മിക്കുന്ന സോദരിമാരുടെ ശാപം വീണ്ടും മുളക്കുന്നു. ദുർമർത്ത്യതയെ ഒരു വിത്തായിട്ടു കല്പിക്കുന്നു. അതിന്റെ ചുവട്ടിൽ നിന്ന് ഒറ്റക്കമ്പും പൊട്ടരുതെന്നു കവി വിലക്കുന്നു. ഏതാശയത്തെ വിശദീകരിക്കാനാണെങ്കിലും കവി, ബിംബങ്ങളെ സ്വീകരിക്കുന്നതെല്ലാം കർഷകന്റെ കുടിലിനു ചുറ്റും നിന്നുമാത്രമാണ്. വ്യവസ്ഥിതി മാറുന്നത് പൂതലോടിയ അസ്ഥിവാരം തകരുന്നതു തന്നെയത്രേ, കവിക്ക്.

മൂകലക്ഷങ്ങൾക്ക് മുല ചൊരുത്തിക്കൊടുക്കുന്ന ദേവിയെപ്പോലെയാണ് സരള തന്റെ വീട്ടിൽ പുസ്തകങ്ങൾക്കു മുമ്പിൽ ജ്ഞാനം നല്കുന്നതിന്നായി ഇരിക്കുന്നത്. സരസ്വതീദേവിയെക്കുറിച്ചുള്ള സങ്കല്പം കവി സരളയിൽ ചാർത്തുകയാണ്. പുതു വിദ്യാർത്ഥികൾക്ക് ആതിഥേയരെപ്പോലെ പിൻബഞ്ചിലിരിക്കുന്ന തോറ്റ കുട്ടികളെ, കവിയിലെ അദ്ധ്യാപകഹൃദയം കാണുന്നത്, കൊയ്തേറും കണ്ടങ്ങളിൽ കൊയ്ത്തരിവാളെത്താതെ കുടിയ കൂളൻ കതിർ കർഷകൻ കാണുംപോലെയാണ്. കൊയ്ത്തരിവാളെത്താത്ത ഒറ്റപ്പെട്ട കതിരുകൾ, ആ പാടത്തുതന്നെ ചവിട്ടിത്താഴ്ത്തപ്പെടും എന്ന കാര്യം ഓർമ്മിക്കുമ്പോൾ നേരിയ വിഷാദത്തിനുകൂടി വകയുണ്ട്. ജന്മംകൊണ്ടു കാഞ്ഞിരക്കായും കാഴ്ചക്കു ചെന്തൊണ്ടിയുമായ കുബ്ജയെ കൃഷ്ണൻ 'പറിച്ചുനട്ടു' എന്നാണ് കവി പറയുന്നത്. പടരുന്ന വല്ലിയായി തന്നെ കുബ്ജയെ പറിച്ചുനട്ടു; ഇനിയതിനു പന്തലിടേണ്ടതും കൃഷ്ണൻതന്നെ. കൃഷ്ണനേയും ഒരു കർഷകനാക്കാനുള്ള ശ്രമമാണ് കവി നടത്തുന്നത്. ജാമാതൃഗൃഹത്തിലേക്കു പോകുന്ന വൃദ്ധനെ  കവി  വർണ്ണിക്കുന്നു:

'ചെങ്കതിൽ മണികളോടൊപ്പമേ പത്തായത്തിൽ–

ച്ചെന്നുകൂടുവാൻ വൈക്കോൽച്ചണ്ടിക്കെന്തവകാശം'

വയ്ക്കോൽച്ചണ്ടി മാത്രമായ വൃദ്ധൻ കതിരിനൊപ്പം പത്തായത്തിൽക്കടക്കുവാൻ ശ്രമിക്കുന്നതു വിഡ്ഢിത്തമാണ്. സാരസപുഷ്പത്തിന് സൂര്യനെ സേവിക്കുവാൻ ചേറ് വെള്ളത്തിന്റെ അടിയിൽക്കിടന്നേ മതിയാകു എന്ന ന്യായവും കണ്ടെത്തുന്നു. വയ്ക്കോലും കതിരും ഇടക്കിടെ കവിയുടെ മനസ്സിൽ  കയറി ഇറങ്ങുന്നത് സ്ഥായിയായ ആ ഗ്രാമീണത്വംകൊണ്ടാണ്. നടന്നുപോകുന്ന വൃദ്ധന്റെ മനോഭാവം, 'വിറ്റപയ്യിനെപ്പോലെ പിറകോട്ട് അമറിവലിയുകയത്രേ' പോകുന്ന വഴിയുടെ ചിത്രം കവി വരക്കുന്നതു ശ്രദ്ധേയമാണ്: ഉച്ചതെറ്റിയ അയാൾ ആറിയ മേടച്ചൂടിൽ അങ്ങിങ്ങു കള

പറിക്കാരികൾ പാട്ടുപാടാൻ വിണ്ടലം കുതിക്കുന്നതും ശ്രദ്ധിച്ച്, പച്ചയാം പാടം താണ്ടി പരുക്കൻ കുന്നും കേറിയാണ് പട്ടണത്തിലേക്കു പോകുന്നത്.

‘പേരാറ്റുനീരായ ചെമ്പിച്ച പൈക്കളെ-
ദ്ധാരാളമാട്ടിത്തെളിച്ചുകൊണ്ടങ്ങനെ
എത്തീ കിഴക്കൻ മലകടന്നിന്നലെ-
യിത്തീരഭൂവീൽ കറുത്ത ചെട്ടിച്ചികൾ’

മലകടന്നുവരുന്ന ചെട്ടിച്ചികൾ, നമ്മുടെ മനസ്സിൽ കറുത്ത മേഘമാലകൾ കിഴക്കുനിന്നു കടന്നുവരുന്ന അനുഭൂതികൾതന്നെയാണ് ഉണ്ടാക്കുന്നത്.

യുവതിയുടെ മനോഹാരിത ഇടശ്ശേരിയുടെ ദൃഷ്ടിയിൽ:

‘....അവളുടെ കവിളിൽപ്പൂത്തു കഴിഞ്ഞു
ചെമ്മലർമൊട്ടുകളെല്ലാം, പുലരികളെല്ലാം
വന്നുവിരിഞ്ഞു കഴിഞ്ഞു ചുണ്ടിൽ’ (1974:15)

അനുജനുവേണ്ടി ജീവരക്തം ഒഴുക്കിയ പെങ്ങളാകട്ടെ ‘തേവിത്താണകുളംപോലെ ഏറെക്കലുഷിത’മാണ്.

കഴുത്തിൽനിന്നു രക്തം ഒഴുകുന്നത് ’ചോലവെള്ളം’പോലെയാണ്. കലങ്ങിമറിഞ്ഞ് ഒഴുകുന്ന ചോലയിലെ വെള്ളമാണ് ആ സമയത്തും കവിയുടെ ഹൃദയത്തിൽ കുടികൊള്ളുന്നത്. ഇതു മുളവെട്ടുന്നതുപോലെ ഗളതലം വെട്ടിയതും ചോലവെള്ളംപോലെ രക്തം ഒഴുകിയതും രംഗത്തിനു ലാഘവത്വം വരുത്തുന്നതിനുകൂടി ഉപകരിച്ചു.

ഇങ്ങനെ അനവധി ഉദാഹരണത്തിലൂടെ വ്യക്തമാകുന്നതുപോലെ, കവി പദങ്ങളെക്കൊണ്ട് ഗ്രാമത്തിന്റെ നഖചിത്രങ്ങൾ വരക്കുകയാണ്. കുറിക്കു കൊള്ളുന്ന പദങ്ങൾ പ്രയോഗിച്ച് വയലും തൊടികളും ഓലപ്പുരകളും, തീരഭൂമിയും, കളവും എല്ലാം എവിടെയും ഇടശ്ശേരി ആവിഷ്കരിക്കുന്നു. ഒരർത്ഥത്തിൽ ഇത്തരം ‘ഇമേജു’കളിലൂടെയാണ് അദ്ദേഹം തന്റെ ആശയങ്ങളുടെ അടിത്തറ കെട്ടിയുയർത്തിയിരിക്കുന്നത്. ഇമേജുകൾ ജീവിതത്തിന്റെ ദൃശ്യങ്ങളെ ശരിയായി പ്രതിബിംബിച്ചു കാണിക്കുന്ന കണ്ണാടിയത്രേ. ഇടശ്ശേരിക്കവിതകളിലെ ബിംബങ്ങളിൽകൂടിയാണ് ഗ്രാമീണദൃശ്യങ്ങൾ നാം കാണുന്നത്. ‘പദ്യത്തിലെ  പദങ്ങൾ സംഗീതത്തിലെ രാഗങ്ങൾപോലെ രാഗാനുസൃതമായ രൂപങ്ങളിൽ സംയോജിപ്പിച്ചിട്ടുള്ള നാദങ്ങൾ മാത്രമല്ല, പിന്നെയോ, സാധനങ്ങളുടെ ചിത്രങ്ങൾ നമ്മുടെ മനസ്സിൽ കൊണ്ടുവരുന്നവ കൂടിയാണ്. എന്തെന്നാൽ വാക്കുകൾ നേത്രഗോചരങ്ങളായ സാധനങ്ങളെയോ അവ തമ്മിലുള്ള ബന്ധങ്ങളെയോ അനേകം സാധനങ്ങളിൽനിന്നോ പരസ്പര ബന്ധമുള്ള വികാരത്തിൽനിന്നോ അനുമാനിച്ചെടുത്ത സാമാന്യതത്വങ്ങളെയോ ധ്വനിപ്പിക്കുന്നത്. തന്നിമിത്തം ഒരു കവി പദങ്ങൾ പ്രയോഗിക്കുമ്പോൾ  അദ്ദേഹം നാമങ്ങളെയും താളങ്ങളെയും മാത്രമല്ല, പിന്നെയോ ദൃശ്യചിത്രങ്ങളെയും വികാരപരമായ അനുഭവങ്ങളെയും സാമാന്യാശയങ്ങളെയും കൂടി പൊരുത്തമുള്ള ഒരു രൂപത്തിൽ തന്റെ കലാകുശലതയനുസരിച്ച് കൂട്ടിയിണക്കുകയാണ് ചെയ്യുന്നത്’ (ബാലകൃഷ്ണപിള്ള ) എന്ന അഭിപ്രായം ഇടശ്ശേരിയെ സംബന്ധിച്ചും യോജിക്കുന്നതാണ്.

കവിതയിലെ ധ്വനിഘടന പ്രധാനമായും താളം, സ്വരമേളം, സുശ്രവത, പ്രാസം അവ്യക്താനുകരണങ്ങൾ എന്നിവയിലധിഷ്ഠിതമാണ്. നാടൻപാട്ടുകളുടെ താളം ഈണം എന്നിവ ഗദ്യശൈലിയോട് കൂടുതൽ അടുത്തുനില്ക്കുന്നതാണ്. ഇടശ്ശേരിക്കവിതകളിൽ വൃത്തബന്ധം ശിഥിലമായിട്ടാണ് ഏറെക്കുറെകാണുന്നത്. ഗദ്യശൈലിയിൽത്തന്നെയുള്ള ഒരു കവിതാശകലം ഉദ്ധരിക്കുന്നു:

‘മറകൾ വീശിയ പെരുംതണലിങ്ക-
ലിരുന്നു കാലത്താലെരിഞ്ഞടയുന്നോ-
രുഡുനിചയത്തിൽ മിടിപ്പുമാകാശ-
തടിനിതൻ തീരത്തുരുത്തിരിഞ്ഞീടും
പ്രപഞ്ചത്തിൻ നിലവിളിയുമൊപ്പമാ-
സ്വദിച്ചു സങ്കല്പസ്തിമിത നേത്രനായ്
വസിക്കും ഇന്നത്തെപ്പരമാചാര്യനെ
ത്രസിക്കുമുള്ളൊടുമനുസ്മരിപ്പു ഞാൻ’

ഒരൊറ്റ വാക്യത്തിലെഴുതിയിരിക്കുന്ന കവിതാശകലമാണിത്. നാടൻപാട്ടുകളുടെ താളാത്മകത  ഇടശ്ശേരിക്കവിതകൾക്ക് ഒരു ഗ്രാമീണഭാവം നല്കുവാൻ കാരണമായിത്തീർന്നിട്ടുണ്ട്. ധാരാവാഹിയായ ഒരു പ്രവാഹത്തിന്റെ അനുഭൂതിയുണ്ടാക്കുന്നുണ്ട്.

'ആരേപോയ പുകിൽക്കീപ്പാട-
ത്തരിമയോടാരിയൻ വിത്തിട്ടു'

എന്നു തുടങ്ങുന്ന കവിത. നമ്മുടെ നാടൻഗാനങ്ങളുടെ സത്ത ആദ്യമായി കണ്ടറിഞ്ഞ ആധുനിക കവിയാണ് ചങ്ങമ്പുഴ. അദ്ദേഹത്തെ അനുകരിച്ച അനന്തരകവികൾ വഴിതെറ്റിയപ്പോൾ ഇടശ്ശേരിയാണ് കവിതയെ വീണ്ടും ഉർവരയാക്കിയത്.

'ആറ്റിൻവക്കത്തെ മാളികവീട്ടില-
ന്നാറ്റുനോറ്റിട്ടൊരുണ്ണി പിറന്നു

എന്ന കവിത ഒരു താരാട്ടിനെ അനുസ്മരിപ്പിക്കുന്ന വിധത്തിലാണ്. 'കാവിലെപ്പാട്ട്' എന്ന കവിതയിൽ താളം, ആ കവിയുടെ അന്തരഗാംഭീര്യം ധ്വനിപ്പിക്കുന്നുണ്ട്.

'ദുരിതവൃത്ത രുധിരസിക്ത-
കുടിലഖഡ്ഗമോടെ
കലികയറിക്കമ്പിതയാ-
യംബിക നീ നിന്നു'

എന്നു കവി പാടുമ്പോൾ അംബികയുടെ ക്രോധവും ദാഹവും പൂണ്ട ഭീഷണരൂപം നമ്മുടെ ഉള്ളിലേക്ക് ആവാഹിക്കപ്പെടുന്നു. തുള്ളിച്ചാടിയെത്തുന്ന പൂതത്തിന്റെ വരവ് ദൃശ്യവൽക്കരിക്കുന്ന താളാത്മകതയാണ് ആ കവിതയുടെ ആദ്യ ഭാഗത്തിലുള്ളത്.

നാടൻ പദപ്രയോഗങ്ങളുടെ ഒരു ശബ്ദകോശംതന്നെ ഇടശ്ശേരികൃതികളിൽ നിന്നു സൃഷ്ടിക്കാൻ കഴിയും:

കൊടുമഴ, നടുതല, പടുമുള, കൊടുവിനീർ, പുകിൽ, കളമ, കൊറ്റ്, കാലായ, അരിയാറ്, പൊട്ടിൽ, നെരിപ്പ്, തുറുകണ്ണ്, പാറലരി, എലിമ്പ്, മപ്പുതാക്കി, പുതലിറക്കുക, കളപറി, മുടിഞ്ഞിരിക്കുക, മുള്ളീമ്പുക, തൊട്ടുതലയിൽവെക്കുക, നീരും പൂവും തൂവുക, ചപ്പിളി കാളുക, ചിഞ്ങ്യാറും ചീതലും, അടിച്ചുതളി, നാട്ട നൂഴുക, ആറാടുക, പൊതുക്കിടുക, കാപ്പികാച്ചുക – ഇങ്ങനെ.

നാടൻ ശൈലികൾക്കും അനവധി ഉദാഹരണങ്ങൾ നിരത്താൻ കഴിയും.

ഉന്തക്കഴിച്ചുകൂട്ടുക, അഴലും പൊരിച്ചലും, കാൽവെച്ചുകുത്തുക, തായംതൊട്ടു തുടങ്ങുക, വെള്ളയും ഗ്രന്ഥവും വെക്കുക, ചൂട്ടുകെട്ടിയിറങ്ങുക, ഉൾപ്പക പത്തിയെടുക്കുക – ഇങ്ങനെ.

ഗ്രാമത്തിൽ ചൂട് അസഹ്യമാകുമ്പോൾ 'തീക്കനൽ കോരിവിതക്കുന്ന'തായിട്ടാണ് തോന്നുന്നത്. തീക്കനലായാലും വിതക്കലാണ്. പാടത്ത് വിത്തുവിതക്കുന്നതുപോലെ. ചൂടും തണുപ്പും എല്ലാം ഗ്രാമീണരുടെ അനുഭൂതിയാണല്ലോ. ഓരോ ഋതുവിലും അതിന്റേതായ ആഹ്ലാദങ്ങൾ അവർക്കുണ്ട്. വേനൽക്കാലത്തോടുപോലും വിദ്വേഷമില്ലാത്ത മനസ്സാണ് കവിക്കുള്ളത്. ദരിദ്രരുടെ ജീവിതം, കഷ്ടപ്പാടുകളിന്മേൽ കഷ്ടപ്പാടുകൾ പാവുന്നതാണല്ലോ. കർഷകന്റേതായ പദഘടനകൾ കവി തരംകിട്ടുമ്പോൾ ഉപയോഗിക്കുന്നത്. പച്ചത്തഴപ്പു പുതക്കുക, പാറ്റിത്തുപ്പിയ താംബൂലം, അന്തിച്ചോപ്പുറ്റൊരു മാറ്റാൻ, ചെന്തീപ്പൊരി തുപ്പുന്ന പിശാച്, പണമിട്ടെമ്പാടുമിടിച്ചുതെള്ളി, സ്മൃതിയിൽ മുങ്ങിത്താണ് കുളിയും ജപവും കഴിക്കുക തുടങ്ങിയ അനവധി സവിശേഷപ്രയോഗങ്ങൾ കാണുവാൻ കഴിയും.

തെച്ചിപ്പൂവും അലരിപ്പൂവും കവിക്കേറെ പ്രിയംകരമാണ്. രണ്ടും ചുവപ്പിന്റെ പ്രതീകമാണ്. കേരളീയ ക്ഷേത്രത്തിൽ ചുവന്ന പുഷ്പങ്ങൾ വളരെ പ്രധാനമാണ്. അതു രക്തത്തെ ഓർമ്മിപ്പിക്കുന്നു എന്നതായിരിക്കണം കാരണം. രതിപ്രാർത്ഥനാചിഹ്നമായി പണ്ട് ഉപയോഗിച്ചിരുന്ന താംബൂലം ഇടക്കിടെ കവിതകളിൽ പ്രത്യക്ഷപ്പെടുന്നു. തെച്ചിപ്പൂവിന്റെ ചുവപ്പ് താംബൂലത്തിൽ നിന്നു കിട്ടിയതാണെന്ന് കവി തന്നെ പറയുന്നു. അതിമാനുഷകഥാപാത്രങ്ങൾ താംബൂലത്തോട് അതീവതാല്പര്യം കാട്ടുന്നുണ്ട്. അലരിപൂത്ത കാവുകളിൽ കുരുതിയൂത്തപോലെ തോന്നുമാറ് ചെമപ്പിന്റെ കാമുകനാണ്. ചുവപ്പ് വർണ്ണത്തോട് കേരളീയർക്കു മമതയുള്ളത് ഓർക്കുക. അത് ആദിയോധത്തിന്റെ നിറമാണ്. ആർത്തവരക്തത്തിന്റെ ചുവപ്പ് സ്ത്രീയുടെ (പ്രകൃതിയുടെ) ഉർവരതയുടെ ചിഹ്നമാണ്. ഉർവരത കർഷകന് ആരാധ്യമാണ്. തന്മൂലം രക്തവർണ്ണവും. തെച്ചിയും അലറിയും താംബൂലവും തീയും വർണ്ണംകൊണ്ടും മറ്റ് ബന്ധങ്ങൾകൊണ്ടും നാടിന്റെ അബോധാനുഭൂതികളെ ഉണർത്തുന്നു. അങ്ങനെ മിനുപ്പുള്ള പദങ്ങളും ബാഹ്യമായ വൃത്തസംഗീതവും ആശ്രയിക്കുന്ന ചങ്ങമ്പുഴപ്പാരമ്പര്യത്തിൽ നിന്ന് മലയാളകവിതയെ ഇടശ്ശേരി മോചിപ്പിക്കുന്നു. ഒരുതരം പരുക്കൻ സൗന്ദര്യം നമുക്ക് അനുഭവപ്പെടുത്തിത്തരുന്നു. അമിതമായ ശബ്ദാഡംബരഭ്രമം ഇടശ്ശേരിക്കവിതകളിൽക്കാണില്ല. ജീവിതത്തിന്റെ പരുക്കൻമുഖം വരക്കാൻ പരുക്കൻ വർണ്ണങ്ങൾതന്നെയാണ് കവി ഉപയോഗിക്കുന്നത്.